## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

20.03.2012 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ.1000

## പോളിടെക്നിക്കുകളിൽ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. കെ.ടി. ജലീൽ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പോളി ടെക്നിക്കുകളിൽ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നടത്തുന്നുണ്ടോ; | എ) സർക്കാർ പോളിടെക്നിക്കുകളിലെ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾക്കുള്ള പ്രവേശനം രണ്ട് വർഷമായി നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ഈവനിംഗ് ഡിപ്ലോമ എന്ന പേരിൽ ഈ കോഴ്സ് 16.8.2011 ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)നം. 1267/11/ഉവിവ പ്രകാരം പുനരാരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ പ്രോസ്പെക്ടസ് തയ്യാറായി വരുന്നു. |
| ബി) ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ഇപ്പോൾ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നിലവിലുള്ളത്? | ബി) ഇപ്പോൾ പാർട്ട് ടൈം ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. സെൻട്രൽ പോളിടെക്നിക് കോളേജ്, തിരുവനന്തപുരം<br>2. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കോട്ടയം<br>3. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കളമശ്ശേരി<br>4. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, പാലക്കാട്<br>5. മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,തൃശ്ശൂർ<br>6. കേരള ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കോഴിക്കോട്<br>7. ഗവൺമെന്റ് പോളിടെക്നിക് കോളേജ്, കണ്ണൂർ |

സെക്ഷൻ ഓഫീസർ